(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

യു.എ.ഇ. സാമ്പത്തിക വകുപ്പിന്റെ അഞ്ചാം വാർഷിക സംഗമം

1 (1699) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് 30 മുതൽ മൂന്ന് ദിവസം ദുബായ് വേൾഡ് സെന്ററിലെ ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് എക്സിബിഷൻ സെന്ററിൽ നടന്ന യു.എ.ഇ. സാമ്പത്തിക വകുപ്പിന്റെ അഞ്ചാം വാർഷിക സംഗമത്തിൽ ആരുടെ ക്ഷണമനുസരിച്ചാണ് മുഖ്യമന്ത്രി പങ്കെടുത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ സംഘത്തിൽ ഉണ്ടായിരുന്ന പ്രതിനിധികൾ ആരൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഗമത്തിൽ പങ്കെടുത്തതുകൊണ്ട് കേരളത്തിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) യു.എ.ഇ. ഭരണാധികാരിയും വൈസ് പ്രസിഡന്റുമായ H. H. Sheikh Mohammed Bin Rashid Al Maktoum-ന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന സംഗമത്തിൽ യു.എ. ഇ. സാമ്പത്തിക കാര്യമന്ത്രി Sultan Bin Saeed Al Mansoori -യുടെ ക്ഷണം സ്വീകരിച്ചാണ് മുഖ്യമന്ത്രി പങ്കെടുത്തത്.

(ബി) വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി. എച്ച്. കുര്യൻ, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന, കെ.എസ്.ഐ.ഡി.സി.-യിൽ നിന്നുള്ള രണ്ട് ഉദ്യോഗസ്ഥർ എന്നിവരാണ് മുഖ്യമന്ത്രിക്കൊപ്പം പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്.

(സി) യു.എ.ഇ. ഭരണാധികാരിയുമായി നടത്തിയ ചർച്ചയിൽ ദുബായ് എയർപോർട്ട് ഫ്രീ സോൺ മാതൃകയിൽ കേരളത്തിൽ ഒരു എയർപോർട്ട് ഫ്രീ സോൺ സ്ഥാപിക്കുകയാണെങ്കിൽ അതിന്റെ നടത്തിപ്പിനായി DAFZA താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കൊച്ചി കാക്കനാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിങ്ങ് ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് കിൻഫ്രയുമായി സഹകരിക്കാൻ 14 Technologies സന്നദ്ധമാണെന്നും അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly